**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6101** **28. 10.11 ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് സ്ഥലം**

**ചോദ്യം**

ശ്രീ. ബി.സത്യൻ

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും

വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് എത്ര ഹെക്ടർ സ്ഥലം ആണ് കണ്ടെത്തേണ്ടത് ; ഇതിലേക്ക് ഏറ്റെടുക്കുന്ന സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിന് തടസ്സമുണ്ടോ ; | എ | 120 ഹെക്ടർ സ്ഥലം ആണ് കണ്ടെത്തേണ്ടത് . സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിന് /നെഗോഷ്യേറ്റഡ് പർച്ചേസ് ചെയ്യുന്നതിന് ഇപ്പോൾ തടസ്സമൊന്നുമില്ല. |
| ബി | തുറമുഖ നിർമ്മാണത്തിന്റെ ആദ്യ ഘട്ടം തുടങ്ങുന്ന അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തൊക്കെയാണ് ; | ബി | പദ്ധതിക്കാവശ്യമായ വെദ്യുതിയും, ജലവും ലഭ്യമാക്കുക, റോഡ് കണക്ടിവിറ്റിയും റെയിൽ കണക്ടിവിറ്റിയും സജ്ജമാക്കുക എന്നിവയാണ് തുറമുഖ നിർമ്മാണത്തിന്റെ ആദ്യഘട്ടം തുടങ്ങുന്ന അടിസ്ഥാന സൗകര്യ വികസനങ്ങൾ. |
| സി | പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ എന്തെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുള്ളത് ; | സി | ലഭിച്ചിട്ടില്ല. വിശദമായ പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചു നൽകിയിട്ടുണ്ട്. അതിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ചുള്ള പഠനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. |
| ഡി | തുറമുഖ നിർമ്മാണത്തിൽ സഹകരിക്കുന്ന ഫണ്ടിംഗ് ഏജൻസി ഏതാണ് എന്ന് വ്യക്തമാക്കാമോ ? | ഡി | തുറമുഖ നിർമ്മാണത്തിന്റെ ധനസഹായം, പാരിസ്ഥിതിക അനുമതി ലഭിച്ച ശേഷം മാത്രമേ ബാങ്കുകൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇതിന് വിധേയമായി, റിസർവ്വ് ബാങ്ക് നിയമങ്ങൾ അനുസരിച്ച്, SBT നേതൃത്വം നൽകുന്ന ബാങ്ക് കൺസോർഷ്യം 300 കോടി രൂപ തരാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. ഇതിന് പുറമേ |

| | | | |
|---|---|---|---|
| | | | HUDCO, LIC എന്നിവരുമായി 800 കോടി യുടെ ധനസഹായത്തിനുള്ള ചർച്ചകൾ നടന്നു വരുന്നു. കേരള സർക്കാർ ഗ്യാരന്റി അനുസരിച്ച് ബോണ്ടിലൂടെ 800 കോടി രൂപ സമാഹരിക്കുന്ന തിന് SBI കാപ്സ് വഴി സമാന്തര ശ്രമം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ